**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1955** **11-10-2024 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധങ്ങളായ പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നത്. വകുപ്പിന്റെ പ്രധാനപ്പെട്ട പദ്ധതിയായ മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ ഒരു പശു, 2 പശു, 5 പശു, 10 പശു, 20 പശു യൂണിറ്റുകൾ, സ്മാർട്ട് ഡെയറി ഫാം, ഹീഫർ പാർക്ക്, ക്ഷീരതീരം, ക്ഷീരലയം എന്നി പദ്ധതി ഘടകങ്ങളിലൂടെ കർഷകർക്ക് കന്നുകാലികളെ വാങ്ങുന്നതിനും, ക്ഷീര കർഷകരുടെ ഫാമുകൾക്ക് ആവശ്യാധിഷ്ഠിത ധനസഹായത്തിനും കറവയന്ത്രം വാങ്ങുന്നതിനും, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ, തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി "ക്ഷീരഗ്രാമം"പദ്ധതി, തെരെഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സ്പെഷ്യൽ ഡെയറി പാക്കേജ് എന്നിവ നടപ്പിലാക്കുന്നുണ്ട്. പാൽ ഉത്പാദന ചെലവ് കുറയ്ക്കുന്നതിനും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി തീറ്റപ്പുൽ കൃഷിക്കുള്ള ധനസഹായം, തീറ്റപ്പുൽക്കൃഷി ആധുനികവത്കരണവും യന്ത്രവത്കരണവും, തരിശുഭൂമിയിൽ തീറ്റ പുൽകൃഷി, പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, TMK, ധാതുലവണ മിശ്രിതം എന്നിവ സംഘത്തിൽ നിന്നും വാങ്ങുന്നവർക്കുള്ള ധനസഹായം എന്നിവ അനുവദിച്ചു വരുന്നു.<br><br>ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, ഡെയറി യൂണിറ്റുകൾക്ക് സബ്സിഡി ധാതുലവണ മിശ്രിത സബ്സിഡി, കാലിത്തൊഴുത്ത് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ്, ഡെയറി ഫാമുകളുടെ അടിസ്ഥാന സൗകര്യം |

<table>
<tr><td></td><td></td><td></td><td>വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നു.<br><br>കൂടാതെ, ക്ഷീരകർഷകരുടെ ഉൽപ്പാദനചെലവ് കുറച്ചുകൊണ്ട്, നിലവിലുള്ള കർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പുതിയ ആൾക്കാരെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുന്നതിനും അതിലൂടെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി മിൽമ മേഖലാ യൂണിയനുകൾ കാലിത്തീറ്റ സബ്സിഡി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കിടാരി ദത്തെടുക്കൽ പദ്ധതി, റിവോൾവിംഗ് ഫണ്ട്, കാലിത്തൊഴുത്ത് നവീകരണ ധനസഹായം, കന്നുകാലി ഇൻഷുറൻസ് സബ്സിഡി, കന്നുകാലി കടത്തുകൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക പാൽവില വ്യത്യാസം, ഹരിതം സൈലേജ് സബ്സിഡി സ്കീം, പ്രതീക്ഷ പദ്ധതി - കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ, കൗ കംഫർട്ട് മാറ്റുകൾ തുടങ്ങിയ വിവിധ ക്ഷീരകർഷക ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>പാലുൽപാദനത്തിന്റെ പ്രോത്സാഹനത്തിനായി കാസർഗോഡ് ജില്ലയിൽ 2021 മുതൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>പാലുൽപാദനത്തിന്റെ പ്രോത്സാഹന ത്തിനായി കാസർഗോഡ് ജില്ലയിൽ 2021 മുതൽ നാളിതുവരെ ക്ഷീരവികസന വകുപ്പ് മുഖേന ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>വർഷം</th><th>തുക</th></tr>
<tr><td>2021-22</td><td>3,01,03,548</td></tr>
<tr><td>2022-23</td><td>2,39,04,133</td></tr>
<tr><td>2023-24</td><td>2,30,78,438</td></tr>
<tr><td>2024-25</td><td>45,94,404</td></tr>
<tr><td>ആകെ</td><td>8,16,80,523</td></tr>
</table>
<br>കാസർഗോഡ് ജില്ലയിലെ ക്ഷീരകർഷകർക്ക് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 79 ക്ഷീരകർഷകർക്ക് 50,000 രൂപ വീതം നാളിതുവരെയായി 39.5 ലക്ഷം രൂപ പലിശരഹിത അഡ്വാൻസായി മിൽമ മലബാർ മേഖലാ യൂണിയനിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. അധിക പാൽവില ഇനത്തിൽ 2021 മുതൽ 632.63 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?</td><td>(സി)</td><td>പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനായി Assistance to Joint Liability Group for Manufacturing and Marketing of Value</td></tr>
</table>

Added Products & Bio inputs എന്ന ഘടക പദ്ധതി ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയായ റൂറൽ ഡയറി എക്സ്റ്റൻഷൻ ആന്റ് അഡ്വൈസറി സർവ്വീസിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി കൂടാതെ പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനായി ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനവും നൽകി വരുന്നു.

കർഷകരിൽ നിന്നും സംഭരിക്കുന്ന പാലിൽ നിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും എല്ലാ മേഖലാ യൂണിയനുകളിലും സജ്ജമാക്കിയിട്ടുണ്ട്. വിപണി വിപുലീകരണം നടപ്പിലാക്കുന്നതിനായി 'റീ-പൊസിഷനിംഗ് മിൽമ 2023' എന്ന കർമപദ്ധതി ആരംഭിച്ചിട്ടുണ്ട്.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിതരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, മിൽമയുടെ ഓരോ ഉൽപ്പന്നങ്ങളെയും ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുന്നതിനും അവയുടെ പ്രത്യേകതകളും ഗുണമേന്മയും ഉപഭോക്താക്കളിലേക്കെത്തിക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ product wise പരസ്യങ്ങൾ ചെയ്തു വരുന്നു.

ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ വഴി മിൽമ ഉൽപ്പന്നങ്ങൾ ഉപഭോക്താവിന്റെ വിരൽത്തുമ്പിൽ കിട്ടുന്നതിനുള്ള സൗകര്യങ്ങളും ഇപ്പോൾ മിൽമ ഒരുക്കുന്നുണ്ട്. മിൽമ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് സുലഭമായി അവരുടെ സൗകര്യാനുസരണം ലഭ്യമാക്കുന്നതിനായി മിൽമ Sales & Distribution Network - ൽ വിപുലമായ മാറ്റങ്ങൾ കൊണ്ടു വന്നിട്ടുണ്ട്.

മിൽമ ഉൽപ്പന്നങ്ങൾ ഗൾഫിലെ ലുലു ഹൈപ്പർ മാർക്കറ്റുകൾ വഴി വിൽക്കാൻ കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷനും ലുലു ഗ്രൂപ്പ് ഇൻർനാഷണലുമായി ധാരണാപത്രവും ഒപ്പിട്ടിട്ടുണ്ട്.

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, എച്ച്.പി.സി.എൽ എന്നിവയുമായി സഹകരിച്ച് അവരുടെ പെട്രോൾ പമ്പുകളിൽ മിൽമ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ, കൺസ്യൂമർ ഫെഡ്, കെ-സ്റ്റോർ, ശുചിത്വ മിഷൻ, ദേവസ്വം ബോർഡ്, ഇൻഡ്യൻ റെയിൽവേ,

| | | | |
|---|---|---|---|
| | | | ഇന്ത്യൻ കോഫീഹൗസ് തുടങ്ങിയവയുമായി ചേർന്ന് വിപണി വിപുലീകരണ ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ